**No. CEE/5454/2018/KEAM-2019/TA1**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

## 2019–ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റിനു പരിഗണിക്കുന്ന യോഗ്യതാപരീക്ഷയുടെ മാർക്ക് വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി പ്രസിദ്ധപ്പെടുത്തി

2019–ലെ എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്ക് എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികൾ, അവരുടെ യോഗ്യതാപരീക്ഷയുടെ മാർക്ക് വിവരങ്ങൾ ഓൺലൈനായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലൂടെ **22.05.2019 മുതൽ 29.05.2019 വൈകിട്ട് 5 മണി വരെ** സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. വെബ്പേജിൽ കാണിച്ചിരുന്ന മാർക്കുകൾ മാർക്ക് ലിസ്റ്റിലേതിന് സമമാണെങ്കിൽ മാർക്കുകൾ ഓൺലൈനായി സ്ഥിരീകരിക്കുവാനും മാർക്കുകൾ വെബ്പേജിൽ തിരുത്തേണ്ടി വന്നവരും ചില ബോർഡുകളിൽ നിന്നുള്ള മാർക്ക് ഡാറ്റ ലഭ്യമല്ലാതിരുന്നതിനാൽ മാർക്കുകൾ വെബ്പേജിൽ രേഖപ്പെടുത്തേണ്ടി വന്നവരും രണ്ടാം വർഷ യോഗ്യതാപരീക്ഷ (പ്ലസ് ടു)യുടെ മാർക്ക് ലിസ്റ്റ് **29.05.2019** വൈകിട്ട് 5 മണിയ്ക്ക് മുൻപ് വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യുവാനും നിർദ്ദേശിച്ചിരുന്നു.

അപ്രകാരം വിദ്യാർത്ഥികൾ ഓൺലൈനായി സമർപ്പിച്ചതും എഞ്ചിനീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കാൻ പരിഗണിക്കുന്നതുമായ മാർക്ക് സംബന്ധിച്ച വിവരങ്ങൾ വിദ്യാർത്ഥികൾക്ക് പരിശോധനയ്ക്കായി **www.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. മാർക്ക് വിവരങ്ങൾ പരിശോധനയ്ക്കായി മേൽ വെബ്സൈറ്റിൽ **2019 ജൂൺ 2 രാവിലെ 10 മണി വരെ** ലഭ്യമാകും. മേൽ വെബ്സൈറ്റിലെ **KEAM 2019 Candidate Portal** എന്ന ലിങ്ക് വഴി അപ്ലിക്കേഷൻ നമ്പരും, പാസ്‌വേഡും നൽകി അവരുടെ ഹോംപേജിൽ പ്രവേശിച്ച് **'Marks Verification for Engineering'** എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത ശേഷം രണ്ടാം വർഷ യോഗ്യതാ പരീക്ഷയിൽ നിശ്ചിത വിഷയങ്ങൾക്ക് ലഭിച്ച മാർക്ക്, പരമാവധി മാർക്ക്, പഠിച്ച ബോർഡ്, പാസ്സായ വർഷം എന്നിവ വെബ്പേജിൽ കാണിച്ചിട്ടുള്ളത് ശരിയാണോയെന്ന് പരിശോധിക്കേണ്ടതാണ്.

- വെബ്സൈറ്റിലെ മാർക്ക് വിവരങ്ങൾ ശരിയാണെങ്കിൽ ഓരോന്നിനും നേരെയുള്ള **'No Change'** ബട്ടൺ ക്ലിക്ക് ചെയ്ത ശേഷം **'Verified and Found Correct'** എന്ന ബട്ടൺ ക്ലിക്ക് ചെയ്ത് വിവരങ്ങൾ ശരിയാണെന്ന് ഉറപ്പിക്കാവുന്നതാണ്.
- വെബ്സൈറ്റിലെ മാർക്ക് വിവരങ്ങൾ സംബന്ധിച്ച് തിരുത്തലുകൾ ആവശ്യമുള്ള പക്ഷം തിരുത്തേണ്ട വിവരത്തിനു/ വിവരങ്ങൾക്ക് നേരെയുള്ള **'Change Required'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതും തുടർന്ന് **'Verified and Found Mismatch'** എന്ന ബട്ടൺ ക്ലിക്ക് ചെയ്യേണ്ടതുമാണ്. അതിനുശേഷം ഇവർ തിരുത്തലുകളെ സാധൂകരിക്കുന്ന മാർക്ക് ലിസ്റ്റിന്റെ പകർപ്പ് വെബ്സൈറ്റിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. വെബ്സൈറ്റിലെ മാർക്ക് സംബന്ധിച്ച വിവരങ്ങളിൽ തിരുത്തലുകൾ ആവശ്യമുള്ളവർ ആയത് മേൽപ്പറഞ്ഞ രീതിയിൽ വെബ്സൈറ്റിലൂടെ നിശ്ചിത സമയത്തിനുള്ളിൽ ചെയ്തിരിക്കേണ്ടതാണ്. മാർക്കിൽ തിരുത്തലുകൾ ആവശ്യപ്പെട്ടുള്ള തപാലിലോ നേരിട്ടോ ലഭിക്കുന്ന അപേക്ഷകളോ, ഇ-മെയിൽ/ഫാക്സ് മുഖേനയുള്ള അപേക്ഷകളോ പരിഗണിക്കുന്നതല്ല.
- യോഗ്യതാ പരീക്ഷയുടെ മാർക്ക് സമർപ്പണവേളയിൽ വെബ്പേജിലെ മാർക്ക് വിവരങ്ങളിൽ തിരുത്തലുകൾ വരുത്തിയവരും, ചില ബോർഡുകളിൽ നിന്നുള്ള മാർക്ക് ഡാറ്റ വെബ്പേജിൽ ലഭ്യമല്ലാതിരുന്നതിനാൽ മാർക്കുകൾ വെബ്പേജിൽ രേഖപ്പെടുത്തേണ്ടി വന്നവരുമായ വിദ്യാർത്ഥികളിൽ ആവശ്യമായ മാർക്ക് ലിസ്റ്റുകൾ അപ്‌ലോഡ് ചെയ്യാതിരുന്നവർക്കും അപ്‌ലോഡ് ചെയ്ത മാർക്ക് ലിസ്റ്റുകളിൽ അപാകതകൾ ഉണ്ടായിരുന്നവർക്കും അവരുടെ മാർക്കുകൾ പരിശോധനാ വേളയിൽ ദൃശ്യമാകുന്നതല്ല. അത്തരക്കാർ ആവശ്യമായ മാർക്ക് ലിസ്റ്റുകൾ/അപാകത ഇല്ലാത്ത മാർക്ക് ലിസ്റ്റുകൾ വെബ് പേജിലൂടെ അപ്‌ലോഡ് ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം ഇത്തരം വിദ്യാർത്ഥികളുടെ റാങ്ക് തടഞ്ഞുവയ്ക്കുന്നതാണ്.
- **02.06.2019 രാവിലെ 10 മണി മണി**ക്ക് ലഭ്യമാകുന്ന നിലവിലുള്ള മാർക്ക് വിവരങ്ങളുടെ അടിസ്ഥാനത്തിൽ 2019 ലെ എഞ്ചി നീയറിംഗ് റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതാണ്. മാർക്ക് വിവരങ്ങൾ ഓൺലൈനായി പരിശോധിച്ച് ഉറപ്പു വരുത്താത്ത വിദ്യാർത്ഥികളുടെയും, തിരുത്തലുകൾ ആവശ്യമുള്ള പക്ഷം അവ വരുത്താത്തവരുടെയും നിലവിലെ മാർക്കുകൾ അതേപടി റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിനായി പരിഗണിക്കുന്നതാണ്.

**പ്രത്യേക ശ്രദ്ധയ്ക്ക്:**

റാങ്ക് ലിസ്റ്റ് തയ്യാറാക്കുന്നതിലേയ്ക്കായി പരിഗണിക്കപ്പെട്ട മാർക്കുകൾ, പാസായ വർഷം, ബോർഡ് ഓഫ് സ്റ്റഡി എന്നിവ പ്രവേശന സമയത്ത് കോളേജ് അധികാരികൾ പരിശോധിക്കുന്നതും മാർക്കുകളിൽ എന്തെങ്കിലും വ്യത്യാസം കാണുന്ന പക്ഷം അത്തരം വിദ്യാർത്ഥികൾ പ്രവേശനത്തിന് അയോഗ്യരാകുന്നതുമാണ്.

**ഹെൽപ് ലൈൻ നമ്പർ : 0471-2332123, 2339101, 2339102, 2339103, 2339104(10 am-5 pm)**

തിരുവനന്തപുരം
30.05.2019

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**